# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4357** — **04.02.2014 ൽ മറുപടിയ്ക്ക്**

### വെഞ്ഞാറമൂട് എൽ.പി. എസ്സിനെ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. പി.കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | വെഞ്ഞാറമൂട് സർക്കാർ എച്ച്.എസ്.എസ്. -ൽ പ്രവർത്തിച്ചുകൊണ്ടിരുന്ന യു.പി. വിഭാഗം, വെഞ്ഞാറമൂട് എൽ.പി. സ്കൂളിലേക്ക് മാറ്റിയ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത എൽ.പി. സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂൾ ആക്കാത്തതുകാരണം അദ്ധ്യാപകർക്കും പി.റ്റി.എ. യ്ക്കും വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു എന്നുള്ള യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | വെഞ്ഞാറമൂട് എൽ.പി. എസ്സിനെ യു.പി.എസ്സ്. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാരിന് എന്തെങ്കിലും അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാൻ സാദ്ധ്യതയുണ്ടോ; | (സി) | അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാവില്ല. |
| (ഡി) | പ്രസ്തുത സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് സ്കൂളിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | വെഞ്ഞാറമൂട് ഗവൺമെന്റ് എൽപി സ്കൂൾ, യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ ശുപാർശ സർക്കാരിൽ സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ